"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം -നേമം പോലീസ് സ്റ്റേഷനിൽ സി.ആർ 1606/2018 നമ്പർ അബ്കാരി കേസിൽ ഉൾപ്പെട്ട KL-20-K-6360 നമ്പർ ഹോണ്ട ആക്റ്റീവ സ്കൂട്ടർ വിട്ടുകിട്ടുന്നതിനായി അപേക്ഷക അടച്ച തുക റീഫണ്ട് ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.386/2026/TAXES തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 21.08.2025 ലെ ഇ.എക്സ്.സി/731/2025 -എക്സ്.എ4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നേമം പോലീസ് സ്റ്റേഷനിൽ സി.ആർ 1606/2018 നമ്പർ അബ്കാരി കേസിൽ ഉൾപ്പെട്ട KL-20-K-6360 നമ്പർ ഹോണ്ട ആക്റ്റീവ സ്കൂട്ടർ സർക്കാർ നിശ്ചയിക്കുന്ന തുക ഒടുക്കി താൽക്കാലികമായി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വാഹന ഉടമ അപേക്ഷ സമർപ്പിക്കുകയും, മെക്കാനിക്കൽ എൻജിനീയർ നിശ്ചയിച്ച് നൽകിയ തുകയായ 30000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വാഹന ഉടമ ട്രഷറിയിൽ ഒടുക്കു വരുത്തുകയും ചെയ്തുവെങ്കിലും കാലപ്പഴക്കം മൂലം വാഹനം ഉപയോഗയോഗ്യമല്ലാതായതിനാൽ വാഹന ഉടമ ട്രഷറിയിൽ ഒടുക്കു വരുത്തിയ 30000/- രൂപ പലിശ സഹിതം തിരികെ നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, അതിനാൽ ട്രഷറിയിൽ ഒടുക്കു വരുത്തിയ 30000/- രൂപ പലിശ സഹിതം ഉടമയ്ക്ക് തിരികെ നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. നേമം പോലീസ് സ്റ്റേഷനിൽ സി.ആർ 1606/2018 നമ്പർ അബ്കാരി കേസിൽ ഉൾപ്പെട്ട KL-20-K-6360 നമ്പർ ഹോണ്ട ആക്റ്റീവ സ്കൂട്ടർ വിട്ടുനൽകേണ്ടതില്ലായെന്ന് ഉടമയിൽനിന്നും സമ്മതപത്രം വാങ്ങണമെന്ന വ്യവസ്ഥയിൽ അപേക്ഷക അടച്ച 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) റീഫണ്ട് ചെയ്തു നൽകുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ )
കേരളം,തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ്(3459123/EXP-B1/142/2026-FIN DATED 30.03.2026).

4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

5.കരുതൽ ഫയൽ /ഓഫീസ് കോപ്പി(F3/77/2026/TD).

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 23-04-2026 16:58:31